# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ
DECEMBER 13 2016

## ശബരിമല പത്രക്കുറിപ്പ് 1



ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalaprd


### അയ്യപ്പന്മാർക്ക് ആശ്വാസമേകി തിരുമുറ്റത്തും വൈദ്യസഹായം

ശബരിമല: പതിനെട്ടാംപടി കയറിയെത്തുന്ന അയ്യപ്പന്മാർക്ക് ആശ്വാസമേകി തിരുമുറ്റത്തും വൈദ്യസഹായം. സന്നിധാനത്തെ സഹാസ് കാർഡിയോളജി സെന്ററാണ് ദേവസ്വം ബോർഡുമായി ചേർന്ന് വൈദ്യസഹായം ഒരുക്കിയിരിക്കുന്നത്. പടികയറിവരുന്ന അയ്യപ്പന്മാർക്ക് ശാരീരിക ക്ഷീണമോ, നെഞ്ചു വേദനയോ അനുഭവപ്പെട്ടാൽ ഉടൻ കൊടിമരത്തിനു സമീപം ഡോക്ടറുടെ സേവനം നൽകുന്നു. എത്രയും വേഗം വൈദ്യസഹായം നൽകി ആശുപത്രിയിലേക്ക് മാറ്റേണ്ടവരെ സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ സ്ട്രെച്ചറിൽ കൊണ്ടുപോകും.

സഹാസ് കാർഡിയോളജി സെന്ററിലെ ചീഫ് മെഡിക്കൽ ഓഫീസർ ഡോ. വാസുദേവന്റെ നേതൃത്വത്തിലുള്ള ഡോക്ടർമാരും ആരോഗ്യപ്രവർത്തകരുമാണ് തിരുമുറ്റത്ത് സേവന രംഗത്തുള്ളത്. രാവിലെ എട്ടു മുതൽ രാത്രി 11.30 വരെ ഡോക്ടറുടെ സേവനം ലഭിക്കും. പ്രതിദിനം ശരാശരി അറുപതിലേറെപ്പേർ ഇവിടെ ചികിത്സ തേടുന്നതായി ഡ്യൂട്ടി ഡോക്ടർ എസ്. വരുൺ പറഞ്ഞു. പടി കയറി വരുമ്പോൾ കാലിൽ മുറിവു പറ്റുന്നവർക്ക് മരുന്നും ബാൻഡേജും കാൽമുട്ട് വേദന അനുഭവപ്പെടുന്നവർക്ക് ബാമും നൽകുന്നു. മുറിവിൽ നിന്ന് സന്നിധാനത്ത് രക്തം വീഴാതിരിക്കാൻ പടി കയറി എ

ത്തുമ്പോൾത്തന്നെ പ്രത്യേക ശ്രദ്ധ പുലർത്തി ഡ്രസ് ചെയ്യുകയും ബാൻഡേജ് ഇടുകയും ചെയ്യുന്നുണ്ട്.
ഭക്ഷണം കഴിക്കാത്തതുമൂലം ക്ഷീണം അനുഭവപ്പെടുന്ന അയ്യപ്പന്മാർക്ക് ദേവസ്വം ബോർഡിന്റെ സഹായത്തോടെ തിളപ്പിച്ച ഔഷധ കുടിവെള്ളവും ബിസ്കറ്റും നൽകുന്നുണ്ട്. നവംബർ 16 മുതലാണ് തിരുമുറ്റത്ത് വൈദ്യസഹായം ആരംഭിച്ചത്.

(ഫോട്ടോയുണ്ട്)

**തിളപ്പിച്ച ഔഷധ കുടിവെള്ള വിതരണം ദേവസ്വം ബോർഡ് വിപുലമാക്കി**

ശബരിമല: ശബരിമലയിൽ പ്ലാസ്റ്റിക് കുപ്പിവെള്ളം നിരോധിച്ചതിന്റെയും തിരക്ക് വർധിച്ചതിന്റെയും പശ്ചാത്തലത്തിൽ അയ്യപ്പന്മാർക്കുള്ള തിളപ്പിച്ച ഔഷധ കുടിവെള്ള വിതരണം ദേവസ്വം ബോർഡ് വിപുലമാക്കി. സന്നിധാനത്ത് വലിയ നടപ്പന്തലിൽ ഔഷധ കുടിവെള്ള വിതരണത്തിനായി 43 പേരെക്കൂടി അടിയന്തരമായി നിയോഗിച്ചതായി ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ ആർ. രവിശങ്കർ പറഞ്ഞു. വൈക്കം ക്ഷേത്ര കലാപീഠത്തിൽനിന്നുള്ള 40 വിദ്യാർഥികളും മൂന്ന് അധ്യാപകരുമാണ് കുടിവെള്ള വിതരണത്തിന് പുതുതായി എത്തുന്നത്. ഇതിനു പുറമേ സീസണിലെ ആവശ്യകത മുന്നിൽക്കണ്ട് 150 പേരെക്കൂടി അധികമായി നിയമിക്കുന്നതിനും നടപടി തുടങ്ങി. ഈ വർഷം സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ഔഷധ കുടിവെള്ള വിതരണത്തിനു മേൽനോട്ടം വഹിക്കുന്നതിനു മാത്രമായി മൂന്ന് സ്പെഷൽ ഓഫീസർമാരെയാണ് ദേവസ്വം ബോർഡ് നിയോഗിച്ചത്.

തിരക്ക് വർധിച്ചതു കണക്കിലെടുത്ത് ഔഷധ കുടിവെള്ളത്തിനൊപ്പം ബിസ്ക്കറ്റും വിതരണം ചെയ്യുന്നത് അയ്യപ്പന്മാർക്ക് ഏറെ ആശ്വാസം പകരുന്നു. ചുക്ക്, പതിമുഖം, രാമച്ചം എന്നിവ വെള്ളത്തിലിട്ട് തിളപ്പിച്ചാണ് ഔഷധ കുടിവെള്ളം തയാറാക്കുന്നതെന്ന് സന്നിധാനത്തെ ഔഷധ കുടിവെള്ള വിതരണത്തിന്റെ സ്പെഷൽ ഓഫീസറും അസിസ്റ്റന്റ് എൻജിനിയറുമായ ഡി. മധു പറഞ്ഞു. സന്നിധാനം സ്പെഷൽ ഓഫീസറുടെ കീഴിൽ 40 ഇടങ്ങളിൽ ഔഷധ കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. ഇതിൽ 10 ഇടങ്ങൾ പുതുതായി ആരംഭിച്ചവയാണ്.

(ഫോട്ടോയുണ്ട്)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ

DECEMBER 13 2016

## ശബരിമല പത്രക്കുറിപ്പ് 2



ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalaprd


### ശബരിമല തീർഥാടകർ അനാചാരങ്ങൾ പിന്തുടരരുതെന്ന് തന്ത്രി

ശബരിമല: ശബരിമല തീർഥാടകർ കാണുന്നയിടത്തെല്ലാം നാളികേരം ഉടയ്ക്കുന്നതും മാലയും വസ്ത്രങ്ങളും സന്നിധാനത്തും പമ്പയിലുമുൾപ്പെടെ ഉപേക്ഷിക്കുന്നതുമടക്കമുള്ള അനാചാരങ്ങൾ പിന്തുടരരുതെന്ന് തന്ത്രി കണഠരര് രാജീവരര് പറഞ്ഞു. മാല ഇവിടെ ഉപേക്ഷിച്ചു പോവുക, വസ്ത്രങ്ങൾ പമ്പയിൽ ഒഴുക്കുക ഇവയെല്ലാം അനാചാരങ്ങളിൽപ്പെട്ടതാണ്. ആചാരത്തിൻെറ ഭാഗമേയല്ല.

ശബരിമലയിൽ ഗുരുസങ്കൽപത്തിലാണ് കാര്യങ്ങൾ നടക്കുന്നത്. ഗുരുസ്വാമിയിൽനിന്ന് മാല ധരിക്കുകയും ഉപദേശം കേൾക്കുകയും 41 ദിവസത്തെ വ്രതം എടുക്കുകയും അടക്കം ഗുരുപാരമ്പര്യം അനുസരിച്ചാണ് എല്ലാം ചെയ്യേണ്ടത്. തിരിച്ച് നാട്ടിൽചെന്ന് അതേ അമ്പലത്തിൽനിന്ന് അല്ലെങ്കിൽ നാട്ടി ലെ ഏതെങ്കിലും അമ്പലത്തിൽ ചെന്ന് വേണം മാല ഊരാൻ. അതും ഗുരുസ്വാമി മുഖേന തന്നെ വേണ്ടതാണ്. അല്ലാതെ ഇവിടെ ഉപേക്ഷിച്ചുപോവുകയല്ല വേണ്ടത്. ആരോ ഒരാൾ ചെയ്ത ആചാരങ്ങൾ പലരും തുടർച്ചയായി ചെയ്തു വരുന്നു. ഇത് കൂടുതലും ചെയ്തു വരുന്നത് കേരളത്തിന് വെളിയിൽനിന്ന് വരുന്ന ഭക്തജനങ്ങളാണ്. അവരെ ഉപദേശിക്കേണ്ട ചുമതല ഗുരുസ്വാമിമാർക്കുള്ളതാണ്.

അതുപോലെ, മാളികപ്പുറത്ത് ഭക്തർ ആചാരവിരുദ്ധമായ പല രീതികളും പിന്തുടരുന്നു. നാഗങ്ങളുടെ പുറത്ത് മഞ്ഞൾപ്പൊടി വിതറുക, മലര് തൂവുക ഇതെല്ലാം തെറ്റായ രീതിയാണ്. ആചാരപരമായ രീതിയല്ല, ആചാരവിരുദ്ധമാണ്. ഇത് ഓരോരുത്തരും വിചാരിച്ചാലേ ഒഴിവാക്കാൻ പറ്റൂ. മാളികപ്പുറത്തെ ജീവനക്കാർ വിചാരിച്ചാൽ ഒരു പരിധി വരെ ഒഴിവാക്കാം.
പതിനെട്ടാം പടി കയറുമ്പോളും തിരിച്ചു പോവുമ്പോഴുമായി രണ്ട് നാളികേരം ഉടയ്ക്കേണ്ട കാര്യമേ ഉള്ളൂ. അവിടവിടെ ഒന്നും ഉടയ്ക്കേണ്ട കാര്യമില്ല. മകരവിളക്ക് കാലത്ത്, തിരക്കുള്ള സമയത്ത് പമ്പ മുതൽ കാണുന്നിടത്തൊക്കെ നാളികേരം ഉടയ്ക്കുന്നതാണ് കാണുന്നത്. അത് വളരെ മോശമായ, തെറ്റായ കാര്യമാണ്.
ശബരിമലയിൽ വരുന്ന തീർഥാടകർ അച്ചടക്കം പാലിക്കണം. ശബരിമല കാനനം മലീമസപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കണം. നമ്മുടെ പൂങ്കാവനം വൃത്തിയായി സൂക്ഷിക്കേണ്ട ചുമതല ഓരോ ഭക്തർക്കുമുള്ളതാണ്. ഓരോ ഭക്തരും കടമയായി അത് ശിരസ്സിലേറ്റണം എന്നാണ് അഭ്യർഥിക്കാനുള്ളത്.
ഈ സീസൺ മുതൽ ദർശന സമയം കൂട്ടിയത് ഭക്തർക്ക് ആശ്വാസമാവുന്നുണ്ട്. ഇപ്പോൾ രാവിലെ മൂന്ന് മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെയും ഉച്ച കഴിഞ്ഞ് മൂന്നു മണി മുതൽ രാത്രി 11 മണി വരെയും ദർശന സമയമുണ്ട്. കൂടുതൽ സമയം തുറന്നുവെച്ചിരിക്കുന്നതു കൊണ്ട് ഒരു പാടു പേർ തൊഴുതു മടങ്ങുന്നുണ്ട്. ഒരുപാട് പേർക്ക് രാവിലെ തന്നെ തിരിച്ചുപോകാൻ കഴിയുന്നു. ട്രെയിനിലും ബസിലുമൊക്കെ വരുന്നവർക്ക് അത് സൗകര്യപ്രദമാവുന്നുണ്ട്. പതിനെട്ടാം പടി കയറാനുള്ള ഒരു തിരക്കാണ് കൂടുതൽ അനുഭവപ്പെടുന്നത്. അതിപ്പോൾ ഒന്നും ചെയ്യാനും കഴിയില്ല. തീർഥാടനം ഇതുവരെ നല്ല നിലയിലാണ് പോയ്ക്കൊണ്ടിരിക്കുന്നത്. ഇനിയും അങ്ങനെ തന്നെയാണ് പ്രാർഥനയും ആഗ്രഹവും-തന്ത്രി പറഞ്ഞു.

## തീർഥാടകൻ കുഴഞ്ഞു വീണു മരിച്ചു

ശബരിമല: മരക്കൂട്ടത്തിനടുത്ത് തീർഥാടകൻ കുഴഞ്ഞു വീണു മരിച്ചു. ചെന്നൈ സ്വദേശി മതിവദനൻ(52) ആണ് മരിച്ചത്. മരക്കൂട്ടത്തിനടുത്ത് കുഴഞ്ഞു വീണ ഇദ്ദേഹത്തെ അപ്പാച്ചിമേട്ടിലെ കാർഡിയാക് സെന്ററിൽ എത്തിച്ചെങ്കിലും മരണപ്പെടുകയായിരുന്നു. മൃതദേഹം പമ്പയിലേക്ക് മാറ്റി.

## സംഗീതകച്ചേരി

ശബരിമല: സന്നിധാനത്തെ ശ്രീ അയ്യപ്പ ഓഡിറ്റോറിയത്തിൽ ഡിസംബർ 14ന് രാത്രി ഏഴിന് സനോജിന്റെ സംഗീത കച്ചേരി നടക്കും.

## ഭക്തരെ അയ്യപ്പസ്വാമിയുമായി ബന്ധിപ്പിക്കുന്ന പാലമാണ് ഹരിവരാസനം: എം. ജയചന്ദ്രൻ

ശബരിമല: സന്നിധാനത്തെത്തി അയ്യപ്പസ്വാമിയെ വണങ്ങുന്നതിനൊപ്പം ഹരിവരാസനം കേൾക്കാനും കൂടിയാണ് മലയാളത്തിന്റെ പ്രിയ സംഗീത സംവിധായകൻ എം. ജയചന്ദ്രൻ ശബരിമല കയറിയത്. രണ്ടു വർഷത്തെ ഇടവേള ഒഴിച്ചാൽ 25 തവണ മലചവിട്ടി. അയ്യപ്പ സ്വാമിയുടെ ഉറക്കുപാട്ടായ ഹരിവരാസനം ചിട്ടപ്പെടുത്തിയത് ജയചന്ദ്രന്റെ ഗുരുവും പ്രമുഖ സംഗീത സംവിധായകനുമായ ജി. ദേവരാജൻ മാസ്റ്ററാണ്. ഹരിവരാസനം തനിക്ക് ഗുരുസ്മരണകൂടിയാണെന്ന് പറഞ്ഞുകൊണ്ടാണ് എം ജയചന്ദ്രൻ തുടങ്ങിയത്. ഗാനഗന്ധർവൻ കെ.ജെ യേശുദാസ് പാടിയ ഹരിവരാസനത്തിന് ഈണമിട്ടയാളെ പലർക്കും അറിയില്ല. ഹരിവരാസനം ദേവരാജൻ മാസ്റ്ററുടേതു കൂടിയാണ്. ആ തരത്തിൽ ഒരംഗീകാരം ഹരിവരാസനത്തിന്റെ പേരിൽ ദേവരാജൻ മാസ്റ്റർക്ക് കിട്ടിയിട്ടില്ലെന്നാണ് എന്റെ അഭിപ്രായം. മാഷിന്റെ ലാളിത്യം നിറഞ്ഞ ഈണമാണ് ഹരിവരാസനത്തെ കാലാതിവർത്തിയാക്കുന്നത്. ഇത്ര കാലം കഴിഞ്ഞിട്ടും ഇത് എല്ലാവരും കേൾക്കുന്നു, പാടുന്നു, ആത്മാവിനോട് ചേർത്തു വയ്ക്കുന്നു. കേവലമൊരു കൃതിയല്ല ഹരിവരാസനം. അതിനുമപ്പുറം നമ്മെ അയ്യപ്പ സ്വാമിയുമായി ബന്ധിപ്പിക്കുന്ന ഒരു പാലമാണത് –എം ജയചന്ദ്രൻ പറഞ്ഞു.

ലാളിത്യമാണ് സങ്കീർണതയുടെ ഉന്നത ഭാവമെന്ന് ഒരു ചൊല്ലുണ്ട്. അഗാധമായ അറിവുപയോഗിച്ചും അതി സങ്കീർണമായ ഈണം സൃഷ്ടിക്കാം. എന്നാൽ, ജനം ഹൃദയത്തോട് ചേർത്തുവയ്ക്കുന്ന ഏറ്റവും ലളിതമായ ഈണമുണ്ടാക്കുകയെന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. അത്തരം ഈണങ്ങൾ സൃഷ്ടിക്കുന്ന എല്ലാവരിലുമെത്തുന്ന, എല്ലാവരുമേറ്റെടുക്കുന്ന ഈണം നൽകുന്ന ഒരാളാണ് യഥാർഥ സംഗീത സംവിധായകൻ. അത്തരം ലാളിത്യമാണ് ഹരിവരാസനത്തെ വ്യത്യസ്തമാക്കുന്നത്, ശരണമയ്യപ്പാ എന്ന വിളിപോലെ ലളിതം. ലോകത്തിലെ ഏറ്റവും മിടുക്കനായ സംഗീത സംവിധായകൻ ശ്രമിച്ചാലും ഹരിവരാസനത്തെ മാറ്റാൻ ഉതകുന്നതരം ഈണമിടാൻ കഴിയുമെന്ന് തോന്നുന്നില്ല– എം ജയചന്ദ്രൻ പറഞ്ഞു.

ഭക്തിയോടു ചേർന്നാണ് ഇന്ത്യൻ സംഗീതവും പാശ്ചാത്യ സംഗീതവും മുന്നോട്ട് പോയിട്ടുള്ളത്. സംഗീത ജ്ഞാനമു ഭക്തിവിന അഥവാ ഭക്തിയില്ലാതെ എന്തിനാണ് സംഗീത ജ്ഞാനമെന്നാണ് കർണാടക സംഗീതത്തിലെ ത്രിമൂർത്തികളിലൊരാളായ ത്യാഗരാജ സ്വാമികൾ ചോദിച്ചത്. ത്യാഗരാജസ്വാമികളും മുത്തുസ്വാമി ദീക്ഷിതരും ശ്യാമശാസ്ത്രികളും മൂന്നു തരത്തിൽ സംഗീതത്തെ ഭക്തിയോട് ചേർത്തുവച്ചവരാണ്. പാശ്ചാത്യ സംഗീതത്തിന്റെ ആദിരൂപമായ ഗ്രി

ഗേറിയൻ ചാണ്ടിലും ചർച്ച് സംഗീതത്തിന്റെ അംശങ്ങൾകാണാം. എന്നാൽ, ഇപ്പോഴത്തെ ഭക്തിഗാനങ്ങളിൽ ഭക്തിമാത്രമാണ് ഇല്ലാത്തത്. ശബ്ദഘോഷത്തോടെയുള്ള ഇത്തരം ഗാനങ്ങൾ നിലനിൽക്കാത്തത് ഭക്തിയുടെ അംശം ചോർന്നുപോയതു കൊണ്ടുകൂടിയാണ്. അയ്യപ്പ•ാർ വണ്ടിയിൽ യാത്രചെയ്യുമ്പോൾ ആ യാത്രയെ പോഷിപ്പിക്കാൻ ചിട്ടപ്പെടുത്തുന്ന പാട്ടുകൾ ഭക്തിയിൽനിന്നും കേവലതയിലേക്ക് മാറി, ഭക്തിമാറി വിഭക്തിയായി– എം ജയചന്ദ്രൻ പറഞ്ഞു.

ബാന്റ് കൾച്ചർ നമുക്കുണ്ടാകുന്നത് നല്ലതാണ്. പക്ഷേ അവരവരുടെ തനതു സൃഷ്ടികൾ ജനങ്ങളിലെത്തിക്കാൻ ശ്രമിക്കണം. ഒരു സ്വതന്ത്ര സംഗീത ശാഖയായി വികസിക്കണം. ഒരാൾ കമ്പോസ് ചെയ്ത സൃഷ്ടിയി•േൽ പുനരിടപെടൽ നടത്താൻ മറ്റൊരാൾക്ക് എന്താണ് അർഹത ? എന്താണ് അവകാശം ? അത് ശരിയല്ല. സംഗീതം സംഗീതം മാത്രമാണ്. അത് സ്വരങ്ങളോ ശബ്ദങ്ങളോ അല്ല. ഓരോ സ്വരത്തിലും ഒരു ഹൃദയമുണ്ട്. അത് മിടിക്കാൻ തുടങ്ങുമ്പോഴേ സംഗീതമാകൂ എന്ന് വിശ്വസിക്കുന്ന ഒരു ചിപ്പ് ഓഫ് ഓൾഡ് ബ്ലോക്ക് ആണ് ഞാൻ. അങ്ങനെ പറയുന്നതിൽ എനിക്ക് അഭിമാനമുണ്ട്. നമ്മുടെ പൈതൃകത്തെ മറക്കാതിരിക്കുക. സംഗീതത്തെ മറക്കാതിരിക്കുക. നമ്മുടെ പൈതൃകത്തിൽനിന്ന് സ്വന്തമായ ഉദ്യാനങ്ങളും ഇടവഴികളും നമുക്ക് സൃഷ്ടിക്കാനാകണം. സംഗീതമെന്ന വിശാലമായ പാതയിലേക്കുള്ള പുതിയ വഴികൾ – എം ജയചന്ദ്രൻ തന്റെ നിലപാട് വ്യക്തമാക്കി.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 13 | 2016 |
| --- | --- |

## ശബരിമല പത്രക്കുറിപ്പ് 3


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalaprd


---

### അയ്യപ്പ സന്നിധിയിൽ കൈകൊട്ടി ചുവടുവെച്ച് കുത്തിയോട്ട സംഘം

ശബരിമല: ദ്രുതതാളത്തിൽ, കൈ കൊട്ടി ചുവടുവെച്ച് ആലപ്പുഴ ചേപ്പാട് ചെട്ടികുളങ്ങര ഹേമാംബിക കുത്തിയോട്ട സമിതി അവതരിപ്പിച്ച കുത്തിയോട്ടം ശ്രദ്ധേയമായി. ശ്രീരാജ് ചേപ്പാടിന്റെ നേതൃത്വത്തിൽ കുട്ടികൾ ഉൾപ്പെടെ നാൽപതോളം കലാകാരന്മാരാണ് ശബരിമല ശ്രീ അയ്യപ്പ ഓഡിറ്റോറിയത്തിൽ സ്വാമി അയ്യപ്പന് കാണിക്കയായി കുത്തിയോട്ടം അവതരിപ്പിച്ചത്. ഇത് മൂന്നാം തവണയാണ് സംഘം സന്നിധാനത്ത് കുത്തിയോട്ടം അവതരിപ്പിക്കുന്നത്.

ആലപ്പുഴയിലെ ചെട്ടികുളങ്ങര ക്ഷേത്രത്തിലും ആറ്റുകാൽ ദേവീ ക്ഷേത്രത്തിലും പരമ്പരാഗതമായി അവതരിപ്പിക്കപ്പെടുന്ന അനുഷ്ഠാനകലയായ കുത്തിയോട്ടത്തിൽ ദേവീ സ്തുതികളാണ് കൂടുതലും അവതരിപ്പിക്കുന്നത്. സന്നിധാനത്ത് ദേവീ മാഹാത്മ്യം, ശ്രീകൃഷ്ണലീല എന്നിവക്കൊപ്പം അയ്യപ്പചരിതവും അവതരിപ്പിച്ചു. ചേപ്പാട് പ്രസാദായിരുന്നു ആലാപനം. ഗോകുൽ തകിലും മനു തബലയും വായിച്ചു.

(ഫോട്ടോയുണ്ട്)

## അയ്യപ്പചരിതമാടി അർജുൻ

ശബരിമല: ശ്രീ അയ്യപ്പ ഓഡിറ്റോറിയത്തിൽ അയ്യപ്പചരിതം ഭരതനാട്യം അവതരിപ്പിച്ച് സായൂജ്യം നേടി അർജുൻ കെ.എസ്. അയ്യപ്പ ചരിതം ഉൾപ്പെടെ മൂന്ന് വർണങ്ങളാണ് അവതരിപ്പിച്ചത്.

തിരുവനന്തപുരം അമ്പലമുക്ക് സ്വദേശിയായ അർജുൻ രണ്ടു വട്ടം അന്തർ സർവകലാശാല കലോത്സവത്തിൽ ഭരതനാട്യത്തിൽ ജേതാവായിട്ടുണ്ട്. കേരള സർവകലാശാല കലാപ്രതിഭയുമായിരുന്നു. തിരുവനന്തപുരം മാർ ബസേലിയസ് എൻജിനീയറിംഗ് കോളജിലെ ബി.ടെക് മെക്കാനിക്കൽ എൻജിനീയറിംഗ് വിദ്യാർഥിയാണ്. പട്ടം ജി. സനൽകുമാറാണ് ഗുരു. പിതാവ് ശ്രീകുമാരനും ഒപ്പമുണ്ടായിരുന്നു.

(ഫോട്ടോയുണ്ട്)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.